15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5317 — 02-11-2021 - ൽ മറുപടിയ്ക്ക്

മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ സാധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടാൻ മൃഗസംരക്ഷണ, ക്ഷീരവികസന രംഗങ്ങളിൽ കൂടുതൽ ഉപജീവന മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (എ) | കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കോവിഡുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കോവിഡ് 19- ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺ കാലയളവിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ (SDRF) നിന്ന് 2020-21 സാമ്പത്തിക വർഷം ലഭിച്ച അഞ്ചു കോടി രൂപ തീറ്റ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ആയതു |

| | | | |
|---|---|---|---|
| | | | പ്രകാരം അനുവദിച്ചു കിട്ടിയ 5 കോടി രൂപയും സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾക്ക് തീറ്റ നൽകുന്നതിനും കോവിഡ് മൂലം നിരീക്ഷണത്തിൽ കഴിയുന്ന കർഷകരുടെ പശുക്കൾക്ക് തീറ്റ നൽകുന്നതിനുമായി വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ